**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 789** **06-12-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം സമയബന്ധിതമായി തിരികെ നൽകുന്നതിനും സംഘത്തിന്റെ പ്രവർത്തനം പൂർവ സ്ഥിതിയിലാക്കുന്നതിനുമായി 20.8.22-ലെ 564/2022/സഹ. ഉത്തരവ് പ്രകാരം രൂപീകരിച്ച പദ്ധതിയനുസരിച്ച് നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപം സമയബന്ധിതമായി തിരികെ നൽകുന്നതിനും, ബാങ്കിന്റെ പുനരുധാരണത്തിനുമായി സമാഹരിച്ച തുക വിനിയോഗിച്ച് 31/08/2022 ൽ കാലാവധി പൂർത്തിയാക്കിയ സ്ഥിര നിക്ഷേപങ്ങളുടെ മുതലിന്റെ 10% ഉം പലിശയുടെ 50% ഉം നിക്ഷേപകർക്ക് 15/10/2022 മുതൽ നല്കി വരുന്നു.ടി ഇനത്തിൽ 15/10/2022 മുതൽ 29/11/2022 വരെ 1859 നമ്പറുകളിലായി 8,10,69,134/- (എട്ടു കോടി പത്തു ലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി ഒരുന്നൂറ്റി മുപ്പത്തിനാല് ) രൂപ തിരികെ നല്കുകയും, 4426 നമ്പറുകളിലായി 18,76,71,359/-(പതിനെട്ടുകോടി എഴുപത്തിയാറ് ലക്ഷത്തി എഴുപത്തിയൊന്നായിരിത്തി മുന്നൂറ്റി അമ്പത്തിയൊമ്പത് ) രൂപയുടെ സ്ഥിര നിക്ഷേപം ഒരു വർഷത്തേക്ക് പുതുക്കി നല്കുകയും ചെയ്തിട്ടുണ്ട്.കേരള സംസ്ഥാന സഹകരണ ഡെവലപ്മെന്റ് & വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും അംഗങ്ങൾക്ക് സ്വർണ്ണപ്പണയ വായ്പ നല്കുന്നതിനായി 5 കോടി രൂപ വായ്പ എടുത്തതിൽ 29/11/2022 വരെ 15,14,090/- രൂപ സ്വർണ്ണപ്പണയ വായ്പയായി നല്കിയിട്ടുണ്ട്.തൃശ്ശൂർ ജില്ലയിലെ പ്രാഥമിക സംഘങ്ങളിൽ നിന്നും 10,60,00,000/- (പത്തുകോടി അറുപതു ലക്ഷം) രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുള്ളതും ആയത് അംഗങ്ങൾക്ക് വസ്തുപണയ വായ്പയായി നല്കുന്നതിന് മാറ്റി വച്ചിട്ടുള്ളതുമാണ്. ബാങ്കിന് അനുവദിച്ച നൽകിയിട്ടുള്ള സെയിൽ ആഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ ഊർ ജ്ജിതപ്പെടുത്തി വായ്പ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര നിക്ഷേപകർക്ക് എത്ര രൂപയുടെ നിക്ഷേപം തിരികെ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 15/10/2022 മുതൽ 29/11/2022 വരെ 1859 നമ്പറുകളിലായി 8,10,69,134/- (എട്ടു കോടി പത്തുലക്ഷത്തി അറുപത്തൊമ്പതിനായിരത്തി ഒരുന്നൂറ്റി മുപ്പത്തിനാല്) രൂപ നിക്ഷേപകർക്ക് തിരികെ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ